# KOLO SURYOYO (പെരുന്നാൾ സപ്ലിമെന്റ്)

ST. MARY'S YOUTH ASSOCIATION MANARCAD

Vol. 4 Issue : 8 Septmber 2011 Web: www.stmarysyouthmanarcad.org
www.syrianchurch.org/Kolosuryoyo.htm (internet edition)





## കൃപലഭിച്ചവളെ നിനക്കു വന്ദനം



അഭി. ഡോ. ഏബ്രഹാം മോർ സേവേറിയോസ്

നമ്മുടെ കർത്താവിന്റെ മാതൃസ്ഥാനം വഹിപ്പാൻ ദൈവകൃപ ലഭിച്ച കന്യകമറിയാം, സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളും, എല്ലാ തലമുറകളും തന്നെ ഭാഗ്യവതി എന്നു വാഴ്ത്തുവാൻ യോഗ്യതയുള്ളവളും ആയിത്തീർന്നു.

പ്രഭുസദനങ്ങൾക്കോ,കൊട്ടാരങ്ങൾക്കോ വേണ്ടി കാത്തിരിക്കാതെ, രാജകുമാരികൾക്കോ, സമ്പന്നകുടുംബങ്ങളിലെ തരുണികൾക്കോ വേണ്ടി കാത്തിരിക്കാതെ ലോകത്തിന്റെ കണ്ണിനു ഏതുമല്ലാത്ത, എന്നാൽ താഴ്മയുടെ പര്യായമായ ഒരു ഗ്രാമീണ കന്യകയുടെ ഉദരമാണു ദൈവപുത്രൻ ഉരുവാകാൻ പിതാവാം ദൈവം കണ്ടെത്തിയത്. അത്യുന്നതങ്ങളിൽ വസിക്കുന്നവൻ താഴ്മയുടെ സ്ഥാനത്തെ തെരഞ്ഞെടുത്തത് നമുക്കു നല്ലൊരു മാതൃക നൽകുവാൻ വേണ്ടിയിട്ടുകൂടിയാണ്.

### മറിയാമിന്റെ സമ്പൂർണ്ണ സമർപ്പണം:-

കർത്താവിന്റെ അമ്മയിൽ നാം ദർശിക്കുന്ന സവിശേഷത അവളുടെ സമർപ്പണം അത്രേ. ദൈവനിയോഗത്തെ ദൂതൻ അറിയിക്കുമ്പോൾ മറിയാം പറയുന്നത്, "ഇതാ ഞാൻ കർത്താവിന്റ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്നായിരുന്നുവല്ലോ. (ലൂക്കോ. 1:38). ദൈവത്തിന്റെ ഇഷ്ടം എന്തുതന്നെ ആയിരുന്നാലും അതിനെ ശിരസ്സാ വഹിപ്പാൻ മറിയാം സന്നദ്ധയായി. കന്യകയായവൾ, വിവാഹനിശ്ചയം മാത്രം കഴിഞ്ഞവൾ, ഗർഭിണിയാകുമ്പോൾ ഉണ്ടാകാവുന്ന ആക്ഷേപങ്ങളും, വിമർശനങ്ങളും, പരിത്യാഗങ്ങളും സഹിക്കാൻ സന്നദ്ധയായി. ഭവിഷിത്തുകളെയോർത്ത് വ്യാകുലചിത്തയാകാതെ ദൈവഹിതത്തിനു അവൾതന്നെ പൂർണ്ണമായി വിട്ടുകൊടുക്കുകയായിരുന്നു. അതുപോലെ തന്നെ നമ്മുടെ കർത്താവും പിതാവിന്റെ ഇഷ്ടം നിവർത്തിപ്പാൻ കയ്പ്പുള്ള കാസായോ, ക്രൂശുമരണമോ എന്തുതന്നെ ആയിരുന്നാലും സന്തോഷത്തോടെ വരിപ്പാൻ തിരുമനസ്സായി.

### കന്യകയിൽനിന്നു ജഡധാരണം:-

യേശു ജനിക്കുന്നതിനു 700 വർഷം മുമ്പ് യെശയ്യാ പ്രവാചകൻ ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

*(ശേഷം പേജ് 2-ൽ)*




# കൃപലഭിച്ചവളെ നിനക്കു വന്ദനം

(പേജ് 1-ൽ നിന്നും തുടർച്ച)

“കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേർ വിളിക്കും”. ഇതു പൂർണ്ണമായിത്തന്നെ നിവൃത്തിയായി (യെശ. 7:14, മത്തായി 1:22, ഗലാ. 4:4).

(വിവാഹിതയല്ലാതെ ഒരു കന്യകയിൽനിന്നു സ്വാഭാവിക പ്രമാണങ്ങൾക്കതീതമായി ജഡധാരണം ചെയ്യുവാൻ മനുഷ്യനു സാദ്ധ്യമല്ലാത്തതിനാൽ ദൈവം തന്നെയാണു കന്യകയിൽ അവതരിച്ചതെന്നു ഈ ജഡധാരണം ഉറപ്പുവരുത്തുന്നു. ഒന്നാമത്തെ മനുഷ്യനായ ആദാമിനെ ദൈവം തന്റെ തൃക്കരങ്ങൾക്കൊണ്ട് മണ്ണിൽനിന്ന് മെനഞ്ഞുണ്ടാക്കിയതിനു സദൃശ്യമായി രണ്ടാമത്തെ ആദാമായ മിശിഹായുടെ ശരീരത്തെ കന്യകമറിയാമിന്റെ ഉദരത്തിൽ പരിശുദ്ധ റൂഹ മെനഞ്ഞുണ്ടാക്കി.)

ഉണങ്ങിയ വടി തളിർത്തു പുഷ്പിക്കുകയും (സംഖ്യ 17:1-9). പാറയിൽ നിന്നു വെള്ളം പ്രവഹിക്കുകയും (സംഖ്യ 20:11). കഴുതയുടെ താടിയെല്ല് എറിഞ്ഞ് വെള്ളം പുറപ്പെടുവിക്കുകയും (ന്യായാ. 15:19). വൃക്ഷത്തിൽനിന്നു ബലിക്കുള്ള ആടിനേ പ്രത്യക്ഷപ്പെടുത്തുകയും (ഉൽ. 22:13). വന്ധ്യകൾക്ക് മക്കളെ നൽകുകയും (ഉൽപ. 18:10). (ന്യായ. 13:5 (ശമു 1:20) (2 രാജാ 4:16). ചെയ്ത ദൈവത്തിനു വിവാഹബന്ധം കൂടാതെ തന്നെ കന്യകയ്ക്കു ഗർഭം നൽകുന്നത് അസാദ്ധ്യമായ കാര്യമല്ലല്ലോ.

**മറിയാം പുതിയ ഹവ്വ:-**

പഴയ-പുതിയ നിയമങ്ങളെ കൂട്ടിയിണക്കുന്നതിനു കണ്ണിയാകുന്നു മറിയാം. ഐറേനിയോസ് രക്തസാക്ഷിയായ വി. ജസ്റ്റിൻ, തെർത്തുല്യൻ തുടങ്ങിയ ആദിമ സഭാപിതാക്കന്മാർ യേശു പുതിയ ആദാമാണെന്നും, മറിയ പുതിയ ഹവ്വയാണെന്നും വർണ്ണിച്ചിരിക്കുന്നു.

ഐറേനിയോസ് പറയുന്നു “ഹവ്വ അനുസരണമില്ലാത്തവളായി, എന്നാൽ മറിയം ദൈവവചനത്തിൽ വിശ്വസിക്കുകയും കന്യകയായിരിക്കുമ്പോൾ തന്നെ അനുസരണത്തോടെ മനുഷ്യവംശത്തിനു മുഴുവൻ നിത്യരക്ഷയ്ക്കു കാരണമായി ഭവിക്കുകയും ചെയ്തു”. അതായത് ആദ്യമാതാവായ ഹവ്വ കാണിച്ച അനുസരണക്കേടിനു പരിഹാരമായി രണ്ടാമത്തെ ഹവ്വയായ കന്യകമറിയാം പൂർണ്ണമായും ദൈവദൂതന്റെ അരുളപ്പാടിനെ സർവ്വാത്മാ അനുസരിക്കുകയാണുണ്ടായത് എന്നർത്ഥം.

പഴയ നിയമത്തിൽ “സീയോൻ പുത്രിക്ക്” നൽകപ്പെട്ട പ്രധാന വാഗ്ദാനങ്ങളെല്ലാം മറിയാമിൽ നിറവേറ്റപ്പെട്ടതായി കാണാം. അതുപോലെ വെളിപ്പാടുപുസ്തകം 12-ാം അധ്യായത്തിൽ വിവരിക്കുന്ന “സൂര്യനെ ഉടയാടയാക്കിയ സ്ത്രീ” വിജയശ്രീലാളിതയായ മറിയാമിന്റെ മറ്റൊരു പ്രതീകമായിട്ട് പല വ്യഖ്യാതാക്കളും കാണുന്നു.

**മറിയാമും നാനാർത്ഥങ്ങളും:-**

മറിയാം എന്ന പേരിൽ നാനാർത്ഥങ്ങൾ അടങ്ങിയിരിക്കുന്നതായി വി. പിതാക്കന്മാർ, വ്യാഖ്യാനിച്ചു കാണുന്നു. പ്രകാശം, സ്ത്രീത്വം, സുഗന്ധദ്രവ്യം, ശോകസമുദ്രം, സാക്ഷ്യപെട്ടകം എന്നിങ്ങനെ പോകുന്നു വിവിധ അർത്ഥങ്ങൾ.

ക്രിസ്തുവാകുന്ന “പ്രകാശത്തെ” ആദ്യമായി മനുഷ്യഹൃദയങ്ങളിലേക്കു പകർന്നത് മറിയാമായിരുന്നല്ലോ. അതുകൊണ്ട് മറിയാമിനും “പ്രകാശം” എന്ന അർത്ഥം വന്നു ചേർന്നു. സ്ത്രീകൾക്കു ആവശ്യം വേണ്ട സ്നേഹം, വിശുദ്ധി, താഴ്മ, തുടങ്ങിയ സകല സദ്ഗുണങ്ങളും മറിയാമ്മിൽ പൂർണ്ണമായി സമ്മേളിച്ചിരുന്നതുകൊണ്ട് “സ്ത്രീത്വം”എന്ന അർത്ഥവും ഈ പേരിനെ അർത്ഥസമ്പുഷ്ടമാക്കുന്നു.

“മറിയാം” എന്ന പേരിലെ “മർ” എന്ന പദത്തിനു മീറ അഥവാ സുഗന്ധമെന്നും “യാം” എന്ന പദത്തിനു “സമുദ്രമെന്നും” മൂലഭാഷയിൽ അർത്ഥമുണ്ട്. കയ്പുള്ളതെങ്കിലും പരിമളം നിറഞ്ഞ മീറ പോലെ സുഗന്ധവാസനയുള്ളവൾ ആകയാൽ “സുഗന്ധദ്രവ്യ” മെന്നും, സ്വന്തം മകനായ യേശുവിന്റെ കഷ്ടാനുഭവവും ക്രൂശുമരണവും മറിയാമിന്റെ ഹൃദയത്തെ ഗാഢമായി മുറിവേൽപ്പിച്ചതിനാൽ “ശോകസമുദ്ര”മെന്ന അർഥവും ഈ പേരിന്റെ പര്യായമായിത്തീർന്നു.

യഹൂദസഭ സാക്ഷ്യപ്പെട്ടകത്തിൽ ന്യായപ്രമാണം അടങ്ങിയ കല്പനകളും അഹറോന്റെ തളിർത്ത വടിയും മരുഭൂമിയിൽ വർഷിച്ച മന്നയും സൂക്ഷിച്ചിരുന്നതുപോലെ (എബ്രാ. 9:4). മിശിഹായെ കാത്തുസൂക്ഷിച്ച മറിയാമിനെ “സാക്ഷ്യപെട്ടകം” എന്ന അഭിധാനം ഏറ്റവും ഉചിതമായി. സാക്ഷ്യപെട്ടകത്തിൽ മന്നാ നിക്ഷേപിച്ചിരുന്നതുപോലെ മറിയാമിൻ ഉദരത്തിൽ സ്വർഗ്ഗീയ മന്ന അഥവാ ജീവന്റെ അപ്പമാകുന്ന ക്രിസ്തുവിനെ നിക്ഷേപിച്ചിരുന്നു.

**നാം മറിയാമിന്റെ സന്തതികൾ:-**

യേശു മറിയാമിന്റെ ആദ്യജാതനും നാമോരോരുത്തരും മറിയാമിന്റെ അനന്തരസന്തതികളുമാകുന്നു. അതുകൊണ്ട് മറിയാം നമുക്കെല്ലാവർക്കും അമ്മയാകുന്നു. ഭയം ഉണ്ടാകുമ്പോഴും ആപത്തു നേരിടുമ്പോഴും കുട്ടികൾ തങ്ങളുടെ മാതാവിനെ വിളിക്കുന്നതും മാതാവിന്റെ സവിധത്തിൽ ഓടിയണയുന്നതും സ്വാഭാവികമാണല്ലോ. അതുപോലെ നമ്മുടെ പ്രയാസങ്ങളിലും ആ മാതാവിനെ നാം വിളിച്ചപേക്ഷിക്കുന്നു. പണ്ടുമുതൽക്കേ നമ്മുടെ അപേക്ഷകൾ നിത്യപ്രാർത്ഥനയുടെ ഭാഗമായി നാം ഉപയോഗിച്ചുവരുന്നു.

“ദൈവമാതാവായ വിശുദ്ധകന്യക മർത്തമറിയമേ! ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമേ ആമീൻ”.

**കൃപലഭിച്ചവളെ നിനക്കുവന്ദനം:-**

“കൃപലഭിച്ചവളെ, നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെയുണ്ട്”. മാലാഖയിൽനിന്നും മറിയാമിനു ലഭിച്ച ഇതുപോലെയുള്ള വന്ദനവും സ്തുതിയും മറ്റൊരു സ്ത്രീപാത്രത്തിനും ഇത്ര ബഹുമാനത്തോടെ ലഭിച്ചിട്ടില്ല. പരിശുദ്ധാത്മാവ് നിറഞ്ഞവളായി എലിശബെത് മറിയാമിനോടു പറയുന്നതും എത്രയോ വലിയ അനുഗ്രഹവാക്കുകളാണ്. “സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ. നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടത് ”.

“അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല...അവൻ എന്നേക്കും രാജാവായിരിക്കും”. (ലൂക്കോ. 1:33). ഇങ്ങനെ അവസാനമില്ലാത്ത രാജ്യത്തിന്റെ അധിപനായ യേശുവിനെ പ്രസവിച്ച അമ്മ എത്രയോ ധന്യ.

**മറിയാമിനെക്കുറിച്ച് പണ്ഡിതമതം:-**

ആദ്യനൂറ്റാണ്ടുകൾ മുതലേ കന്യകമറിയാമിനെ ദൈവമാതാവായി പരിശുദ്ധ പിതാക്കന്മാരും പണ്ഡിതന്മാരും അംഗീകരിച്ച് വന്ദിച്ചിരുന്നു. ഏതാനും ഉദ്ധരണികൾ ചേർക്കട്ടെ.

**എപ്പിപ്പാനോസ് (എ. ഡി. 310 -403).**

“മറിയാം മനുഷ്യവർഗ്ഗത്തിന്റെ സാർവ്വത്രീകമാതാവാകുന്നു. ഹവ്വ എല്ലാവരുടെയും മരണത്തിനു കാരണക്കാരിയായിരുന്നു. മറിയാമോ ജീവന്റെ കാരണക്കാരിയാകുന്നു”.

**അഗസ്തീനോസ് (എ. ഡി. 354-430).**

“മറിയാമിൽക്കൂടി ദൈവം ഭൂമിയിലേക്ക് ഇറങ്ങിവന്നതുപോലെ അവൾ വഴിയായി സ്വർഗ്ഗത്തിലേക്കു കരേറുവാൻ മനുഷ്യനു യോഗ്യതയുണ്ടായിരിക്കുന്നു”.

**ജെറോം (എ. ഡി. 340-420)**

“മറിയാം മനുഷ്യജാതിയുടെ സാർവ്വത്രീക മാതാവാകുന്നു. സ്ത്രീമൂലം മരണം നമ്മുടെമേൽ അധികാരപ്പെട്ടതുപോലെ സ്ത്രീമൂലം നമുക്കു ജീവനും പ്രദാനം ചെയ്യപ്പെട്ടു”.

**പ്രാർത്ഥന:**

വിശുദ്ധ കന്യകയായ മർത്തമറിയം അമ്മേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ദൈവത്തെ പ്രസവിച്ച അമ്മേ! ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

എല്ലാവരിലും വെടിപ്പുള്ള അമ്മേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ദാവീദിന്റെ ഗോപുരമായ അമ്മേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. സ്വർഗ്ഗത്തിന്റെ വാതിലായ അമ്മേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. വിലപിച്ചിരിക്കുന്നവരുടെ ആശ്വാസമായ അമ്മേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.


കളിമണ്ണിന് ഒരു പകരക്കാരൻ

“സിമോക്സ് ക്ലേ”

അനുഭവസമ്പത്ത് പറയുന്നു




ഇഷ്ടിക, ഓട്, ടൈൽസ് എന്നിവ നിർമ്മിക്കുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കളിമണ്ണിനു പകരം CMRL ഉത്പാദിപ്പിക്കുന്ന “സിമോക്സ് ക്ലേ” ഉപയോഗിക്കാമെന്ന് തെളിഞ്ഞിരിക്കുന്നു.

സിമോക്സ് ക്ലേ ഉപയോഗിക്കുന്നതിന്റെ പ്രത്യേക ഗുണങ്ങൾ

കളിമണ്ണിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതുവഴി നെൽപ്പാടങ്ങൾ കുഴിക്കുന്നത് ഒഴിവാക്കാം.
നിർമ്മാണത്തിന് ആവശ്യമായ വെള്ളത്തിന്റെയും, വിറകിന്റെയും ഉപയോഗം കുറയ്ക്കുന്നതുമൂലം നിർമ്മാണച്ചിലവ് ഗണ്യമായി കുറയുന്നു.
സിമോക്സിന്റെ പ്രത്യേക ഘടന ഇഷ്ടികക്കും ഓടിനും കൂടുതൽ ബലവും, നിറവും, ഭംഗിയും നൽകുന്നു.
CMRL സിമോക്സ് ക്ലേയുടെ ഉൽപാദനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ളതുമൂലം ആവശ്യക്കാർക്ക് തുടർച്ചയായി നൽകുവാൻ കമ്പനിക്ക് സാധിക്കുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് CMRL ഉത്പാദിപ്പിക്കുന്ന സിമോക്സ് ക്ലേ ഓട്, ഇഷ്ടിക നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.
കേന്ദ്ര പരിസ്ഥിതി - വനംവകുപ്പ് നടത്തിയ പരിശോധനയിൽ CMRL ഉത്പാദിപ്പിക്കുന്ന സിമോക്സ് ക്ലേ പരിസ്ഥിതിക്ക് ഹാനികരമല്ലെന്ന് സർട്ടിഫൈ ചെയ്ത് ഉത്തരവിറക്കിയിട്ടുണ്ട്.
ഇതുപ്രകാരം ഇഷ്ടിക, ഓട്, നിർമ്മാണത്തിന് കമ്പനിയിൽനിന്നും സിമോക്സ് കൊണ്ടുപോകുന്നതിന് ജില്ലാ കളക്ടർ അനുമതിയും നൽകിയിരിക്കുന്നു.
കേന്ദ്രവാണിജ്യ വകുപ്പ് സിമോക്സ് ഉത്പന്നത്തിന്റെ നിർമ്മാണ വിപണനത്തിന് CMRL - ന് അനുമതി നൽകിയിട്ടുണ്ട്.

സിമോക്സ് ഉപയോഗിച്ച കേരളത്തിലെ ഓട്, ഇഷ്ടിക നിർമ്മാതാക്കൾക്ക് ഇതിന്റെ സവിശേഷതയും, മേന്മയും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഓട്, ഇഷ്ടിക നിർമ്മാണങ്ങൾക്കായി സിമോക്സ് ക്ലേ ആവശ്യമുള്ള അംഗീകൃത നിർമാതാക്കൾ ബന്ധപ്പെടുക

കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റഡ്

മാർക്കറ്റിങ്ങ് ഡിപ്പാർട്ട്മെന്റ്, പി. ബി. നമ്പർ - 73, VIII/224 മാർക്കറ്റ് റോഡ്, ആലുവ - 683 101. Ph: 0484-2626789, e-mail: sachexim@vsnl.com, Fax: 0484 2625674

പ്രകൃതിയിൽനിന്നും, പ്രകൃതിയോടൊപ്പം, പ്രകൃതിയിലേക്ക് - CMRL ദൗത്യം

# വി. ദൈവമാതാവ്



**മലങ്കരമല്പാൻ വന്ദ്യ കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ**

ചരിത്രത്തിന്റെ ആരംഭത്തിലും മദ്ധ്യത്തിലും രണ്ടു നാരികൾ നിൽക്കുന്നു. ഹവ്വയും വി. മറിയാമും. ഹവ്വ പാപപങ്കിലമായ മനുഷ്യവർഗ്ഗത്തിന്റെ മാതാവ്. വി. മറിയമോ രക്ഷയും വീണ്ടും ജനനവും പ്രാപിച്ച മനുഷ്യവർഗ്ഗത്തിന്റെ മാതാവ്. ക്രൂശിന്മേൽവെച്ച് വി. യോഹന്നാനോട് ഇതാ നിന്റെ അമ്മ, എന്നും വി. മാതാവിനോട് ഇതാ നിന്റെ മകൻ എന്നും കല്പിച്ചപ്പോൾ പുതിയ മനുഷ്യവർഗ്ഗത്തിന്റെ മാതാവായി വി. മാതാവിനെ താൻ നിയമിക്കുകയായിരുന്നുവെന്ന് വി. പിതാക്കന്മാർ പയുന്നു. ഒന്നാമത്തെ ഹവ്വ പൊതുതിന്മക്ക് കാരണക്കാരി. രണ്ടാമത്തെ ഹവ്വ പൊതുനന്മയ്ക്ക് മുഖാന്തിരമായി. മുൻപറഞ്ഞവരെപ്പറ്റി ആദിമ നൂറ്റാണ്ടുകളിലെ പിതാക്കന്മാരും വേദശാസ്ത്രജ്ഞന്മാരും പറഞ്ഞിരിക്കുന്നത് താഴെ ഉദ്ധരിക്കാം.

വി. യുസ്തീനോസ് (ക്രി 120 -166) ഹവ്വ നിർമ്മലയായിരുന്നപ്പോൾ പിശാചിന്റെ വാക്കുകേട്ട് അനുസരണക്കേടുമൂലം പാപവും മരണവും വരുത്തി. വി. കന്യകമറിയം സദ്വാർത്ത അറിയിച്ച മാലാഖയിൽ വിശ്വാസം അർപ്പിച്ച് മനുഷ്യകുലരക്ഷ വരുത്തി. ഹവ്വയിൽ സാത്താന്റെ വാക്ക് കടന്ന് ചെന്ന് മരണത്തിനു കാരണമായിത്തീർന്നതുപോലെ, ജീവദായകമായ ദൈവവചനം, വി. കന്യകയിലേക്കും പ്രവേശിക്കേണ്ടതായിരുന്നു. എന്തെന്നാൽ സ്ത്രീവർഗ്ഗം മൂലം വന്ന നാശം സ്ത്രീവർഗ്ഗം മൂലം തന്നെ മാറി രക്ഷവരേണ്ടിയിരുന്നു. ഹവ്വാ സർപ്പത്തെ വിശ്വസിച്ചു. മറിയാം ഗബ്രിയേലിനെ വിശ്വസിച്ചു. പിശാചിന്റെ വാക്കു വിശ്വസിച്ചതിനാൽ ഹവ്വാ വരുത്തിക്കൂട്ടിയ പാപം ഗബ്രിയേലിന്റെ വാക്കു കേട്ട് മറിയാം വിശ്വസിച്ചതിനാൽ കഴുകപ്പെട്ടു. വി. ഈവാനിയോസ് വി. മറിയാം ദൈവദൂതന്റെ വചനപ്പിനെ സ്വീകരിച്ചതു മൂലം ദൈവവചനത്തോടുള്ള അനുസരണത്താൽ ദൈവത്തെ പ്രസവിപ്പാൻ പ്രാപ്തയായിത്തീർന്നു....1-ാമത്തെ കന്യക മൂലം മനുഷ്യവർഗ്ഗമെല്ലാം കറപിടിച്ചുവെങ്കിൽ 2-ാമത്തെ കന്യക മൂലം മനുഷ്യവർഗ്ഗം ശുദ്ധീകരിക്കപ്പെട്ട് രക്ഷിക്കപ്പെട്ടു. ഇവളുടെ അനുസരണം മൂലം അവളുടെ അനുസരണക്കേട് നിഷ്കാസിതമായി...വി. കന്യക ദൈവത്തെ അനുസരിച്ചതുമൂലം അവളുടേയും എല്ലാ തലമുറയിലുള്ള മനുഷ്യവർഗ്ഗത്തിന്റെയും രക്ഷയ്ക്ക് കാരണക്കാരിയായി. ഹൗവ്വായുടെ അനുസരണക്കേടു മൂലം ഉണ്ടായ ആ ബന്ധനം വി. മറിയാമിന്റെ അനുസരണം മൂലം അഴിക്കപ്പെട്ടു. കണ്ടാലും നിന്റെ മാതാവ് എന്ന് നമ്മുടെ കർത്താവു പറഞ്ഞു. ആകയാൽ ആരിലെല്ലാം ക്രിസ്തു വസിക്കുന്നുവോ അവരെല്ലാം വി. മറിയാമിന്റെ മക്കളാകുന്നു. യേരുശേമിലെ വി. കൂറിലോസ് കന്യകയായ ഹവ്വായിൽക്കൂടി സകല മനുഷ്യവർഗ്ഗത്തിന്മേലും മരണം വന്നതുപോലെ വി. കന്യകയിൽനിന്ന് ജീവൻ പ്രത്യക്ഷീഭവി



ക്കേണ്ടതും, 1-ാമത്തെ കന്യകയെ സർപ്പം വഞ്ചിച്ചതിനുപകരം 2-ാമത്തെ കന്യകയ്ക്ക് ഗബ്രിയേൽ സദ്വാർത്ത കൊണ്ടുവരേണ്ടതും ന്യായമാകുന്നു. വി. എപ്പിഫാനിയോസ് വി. മറിയാം മനുഷ്യജാതി മുഴുവന്റെയും മാതാവാകുന്നു. ഹാവാ എല്ലാവരുടെയും മരണത്തിന്റെ കാരണക്കാരി.. മറിയാമോ ജീവന്റെ കാരണക്കാരി.

വി. ജെറോം വി. മറിയാം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ മാതാവാകുന്നു. സ്ത്രീമൂലം മരണം അധികാരപ്പെട്ടതുപോലെ സ്ത്രീമൂലം ജീവൻ പ്രദാനം ചെയ്യപ്പെട്ടു.

വി. ആഗസ്തിനോസ് വി. മറിയാമിൽക്കൂടി ദൈവം ഭൂമിയിലേക്ക് ഇറങ്ങിവന്നതുപോലെ അവൾ വഴിയായി മനുഷ്യന് സ്വർഗ്ഗത്തിലേക്ക് കരേറുവാൻ യോഗ്യതയുണ്ടാകുന്നു.

2. ദൈവം മനുഷ്യനെ രക്ഷിക്കുന്ന രീതിയെക്കുറിച്ച് ഒരുവൻ വിശദമായി മനസ്സിലാക്കുമ്പോഴാണ്, മനുഷ്യരക്ഷയ്ക്കായി വി. മാതാവ് നിർവ്വഹിച്ച പങ്കിന്റെ മാഹാത്മ്യം മനസ്സിലാക്കുന്നത്. മനുഷ്യൻ തന്റെ സ്വാതന്ത്ര്യത്തെ നന്മയിൽക്കൂടി പെരുമാറണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അല്ലാതെ ബലപ്രയോഗത്താൽ ഒരുവനെക്കൊണ്ടും നന്മയൊ തിന്മയോ ചെയ്യിച്ച്, രക്ഷയോ ശിക്ഷയോ പ്രതിഫലം നൽകുന്നില്ല. നമ്മുടെ രക്ഷയ്ക്ക്...നമ്മുടെ പൂർണ്ണമനോസ്സോടുകൂടിയ അനുസരണത്തെ താൻ പ്രതീക്ഷിക്കുന്നു. ദൈവം വാതിൽക്കൽ മുട്ടി വിളിച്ചുകൊണ്ട് നിൽക്കുന്നു. മനുഷ്യൻ ആ ശബ്ദം ശ്രവിച്ച് വാതിൽ തുറക്കുമ്പോൾ മാത്രം താൻ അകത്തു പ്രവേശിക്കുന്നു. ഞാൻ വാതിൽക്കൽനിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽചെന്ന് അവനോടും അവൻ എന്നോടുമൊന്നിച്ച് അത്താഴം കഴിക്കും. (വെളി. 3:20). രക്ഷയുടെ മൂലസ്ഥാനമായ മനുഷ്യാവതാരം സംഭവിച്ചത് വി. മറിയാമിലേക്കുള്ള വി. റൂഹായുടെ ബലബന്ധത്തോടുകൂടിയുള്ള ഒരു പ്രവേശനം മൂലമല്ല. പ്രത്യുത, ആ വചനിപ്പിൽ അന്തർഭവിച്ചിരുന്ന ദൈവേഷ്ടത്തെ വി. മറിയാം കണ്ടറിഞ്ഞ് പരിപൂർണ്ണ വിശ്വാസത്തോടും കീഴ്വഴക്കത്തോടും കൂടി കണ്ടാലും ഞാൻ കർത്താവിന്റെ ദാസി എന്ന വിനയപൂർവ്വമുള്ള അവളുടെ സമ്മതത്തിനു ശേഷമത്രെ. ആകയാൽ മനുഷ്യാവതാരവും രക്ഷയും ദൈവത്തിന്റെ ഇഷ്ടം കൊണ്ടെന്ന പോലെതന്നെ വി. മാതാവിന്റെ അനുകൂലമായ കീഴ്പ്പെടൽ മൂലവുമുണ്ടാകുന്നു. മനുഷ്യകുലരക്ഷ മനുഷ്യാവതാരം ചെയ്ത പുത്രൻ തമ്പുരാൻ മൂലമാണെന്നുള്ള പരമസത്യം നിലനിൽക്കുന്നിടത്തോളം കാലം, ആയതിൽ വി. മാതാവിനുള്ള പങ്കും സ്പഷ്ടമായിത്തന്നെയായിരിക്കും. യാക്കൂബ് സ്വപ്നത്തിൽ കണ്ട ഗോവണിയോട് വി. മാതാവിനെ സാമ്യപ്പെടുത്തി. സ്വർഗ്ഗത്തിലേക്കു കരേറുന്ന ഗോവണി എന്ന് വി. മാതാവിനെ വി. പിതാക്കന്മാർ സ്തുതിക്കുന്നതിൽ നിന്നും ഇതു തെളിയിക്കുന്നു.

3. ഭാഗ്യവതിയായ വി. മാതാവ് കണ്ടാലും ഇതുമുതൽ സകലവംശങ്ങളും എനിക്കു ഭാഗ്യംതരും. എന്ന വി. മാതാവിന്റെ പ്രസ്താവന പരിശോധിക്കാം. ഇപ്പോൾ മുതൽ എന്ന വി. മാതാവിന്റെ പദപ്രയോഗം എത്ര അർത്ഥഗർഭമാണ്. ഇപ്പോൾ മുതൽ-ദൈവപുത്രനെ ഗർഭം ധരിച്ചതുമുതൽ-എല്ലാവരും ഭാഗ്യവതി എന്ന് തന്നെ പുകഴ്ത്തും എന്നത്രെ. വി. മാതാവിന്റെ കാലം മുതൽതന്നെ പുകഴ്ത്തൽ നാംകാണുന്നു. നിന്നെ വഹിച്ച ഉദരത്തിനും നിന്നെ കുടിപ്പിച്ച മുലകൾക്കും ഭാഗ്യം. അതായത് നിന്റെ അമ്മ ഭാഗ്യവതി എന്ന് നമ്മുടെ കർത്താവിനോട് ഒരു സ്ത്രീ വിളിച്ചുപറയുന്നു. മ്ശിഹായുടെ സ്വർഗ്ഗാരോഹണശേഷം വി. മാതാവിനെ ശ്ലീഹന്മാർ എത്ര ബഹുമാനിച്ചിരുന്നുവെന്നും വി. മാതാവിന്റെ ജീവചരിത്രം സ്പഷ്ടമാക്കുന്നുണ്ട്.

*(ശേഷം പേജ് 4-ൽ)*



*എട്ടുനോമ്പ് പെരുന്നാളിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ശ്രേഷ്ഠ കാതോലിക്കാബാവാ ബസേലിയോസ് തോമസ് പ്രഥമൻ ഉദ്ഘാടനം ചെയ്യുന്നു. സമീപം ബഹു. കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ബഹു. റവന്യൂ വകുപ്പ്മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, അഭി. തോമസ് മോർ തീമോത്തിയോസ്, വികാരി വെരി. റവ. ഈ. ടി. കുറിയാക്കോസ് കോർഎപ്പിസ്കോപ്പാ ഇട്ട്യേടത്ത്, ബഹു വൈദീകർ, ട്രസ്റ്റിമാർ തുടങ്ങിയവർ സമീപം*


പെരുന്നാൾ ആശംസകൾ

KALAYIL FAMILY

Manarcad







# വി. ദൈവമാതാവ്

*(പേജ് 3-ൽ നിന്നും തുടർച്ച)*

ഇതിനുംപുറമെ ഇദംപ്രഥമായി സ്ഥാപിതമായ ക്രിസ്തീയ ദൈവാലയം വി. മാതാവിന്റെ നാമത്തിൽ ശ്ലീഹന്മാർ യെരുശലേമിൽ സ്ഥാപിച്ചത് എത്ര അർത്ഥവത്തായിരിക്കുന്നു. ശ്ലീഹന്മാരുടെയും 72 അറിയിപ്പുകാരുടെയും കയ്യൊപ്പുണ്ടായിരുന്നതും വി. മാതാവിന്റെ വാങ്ങിപ്പ് ഇഗുപ്തായകാലം 345-ന് യൗനായകാലം 374-ന് മ്ശീഹാക്കാലം 63-ാം മാണ്ടായിരുന്നുവെന്നും മറ്റുമുള്ള വിവരങ്ങൾ അടങ്ങിയതും വി. യൂഹാനോൻ സൂക്ഷിച്ചിരുന്നതുമായ പുസ്തകം വി. യൂഹാനോൻ എഫേസൂസിലേക്ക് കൊണ്ടുചെന്നപ്പോൾ ആ പ്രദേശം മുഴുവനിലും മഞ്ഞു വർഷിച്ചുച്ചുവെന്നും. വി. മാതാവിന്റെ ഓർമ്മ ആണ്ടിൽ മൂന്നു പ്രാവശ്യം നടത്തണമെന്ന് അതിൽ എഴുതിയിരുന്നു വി. ബസ്സേലിയോസ് ഇപ്പോൾ മതുൽ സകലവംശങ്ങളും എനിക്കു ഭാഗ്യം തരും. എന്നു പറഞ്ഞിരിക്കുന്നത് ഒരു പ്രവചനമാണെന്നും, അവൾ സർവ്വതലമുറകളാലും മഹത്വപ്പെടുമെന്നും പറയുന്നു. 4-ാം നൂറ്റാണ്ടിലെ പിതാക്കന്മാരിൽ ചിലരുടെ സ്തുതിപ്പുകൾ നാം മുമ്പു കണ്ടുകഴിഞ്ഞു. 5-ാം നൂറ്റാണ്ടിൽ അലക്സാന്ത്രിയായിലെ വി. കൂറിലോസ് ദൈവമാതാവായ മറിയാമെ! മഹത്വമുള്ളവളേ? ലോകത്തിന്റെ ശ്രീഭണ്ഡാരമേ! ഒരിക്കലും കെടാത്ത ദീപമേ! കന്യാവ്രതത്തിന്റെ കിരീടമേ! സത്യവിശ്വാസത്തിന്റെ സ്തംഭമേ! നശിപ്പിക്കാവതല്ലാത്ത ദൈവാലയമേ! അപരിമേയന്റെ വാസസ്ഥാനമേ! സന്തോഷിക്കുക...അമ്മേ, കന്യകയേ! നിന്നോടുകൂടെ മാലാഖമാർ സന്തോഷിക്കുന്നു. നിന്റെ കരുണയാൽ പിശാചുക്കൾ ആട്ടിപ്പായിക്കപ്പെടുന്നു...വീണുപോയ സൃഷ്ടികൾ സ്വർഗ്ഗത്തിലേക്കുയർത്തപ്പെടുന്നു. (എഫസോസ് സുന്നഹദോസിൽവച്ചുള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്ന്)

4. ചിലർ വി. മാതാവിനെ നിർഭാഗ്യവതിയാക്കുന്നില്ലയോ, ചിന്തിക്കുക, അവരുടെ വാദങ്ങൾ.

1. സ്ത്രീയേ! എനിക്കും നിനക്കും തമ്മിൽ എന്ത്?(പ്രൊട്ടസ്റ്റന്റ് മലയാളം) അത്സോമോലീ ഉലേക്ക് (പ്ശീത്താസുറിയാനി) സ്ത്രീയേ! എനിക്കും നിനക്കും എന്ത്? (യഥാർത്ഥസുറിയാനി) (സ്ത്രീയേ എനിക്കും നിനക്കും എന്ത്? (യഥാർത്ഥ മലയാള പരിഭാഷ) മുൻപറഞ്ഞ രീതിയിൽ നമ്മുടെ കർത്താവ് പറഞ്ഞിട്ടുണ്ടെങ്കിൽ നമ്മുടെ കർത്താവിനെപ്പോലെ നിഷിദ്ധനായ ഒരു പുത്രനും വി. മാതാവിനെപ്പോലെ നിർഭാഗ്യവതിയായ ഒരു അമ്മയും ഈ ഭൂമുഖത്തുണ്ടായിട്ടില്ല. തന്നെ ഗർഭം ധരിച്ച്, വളർത്തിയ അമ്മയോട് നമുക്ക് തമ്മിൽ എന്തു ബന്ധം എന്നു നമ്മുടെ കർത്താവ് ചോദിക്കുമെന്നോ? എന്നാൽ ഇതേ വാചകത്തെക്കുറിച്ച്, സുറിയാനി ഭാഷാപണ്ഡിതരും, പ്രോട്ടസ്റ്റന്റ് വേദശാസ്ത്ര പണ്ഡിതരുമായ മൂന്നുപേർ പറയുന്നത് ഇവിടെ ഉദ്ധരിക്കാം. എനിക്കും നിനക്കും അതിലെന്ത്-അതായത്-സാരമില്ല-ഇതിൽ വിഷമിക്കേണ്ട എന്നു ചുരുക്കം. (ബർകിറ്റ് വ്യാഖ്യാനം) ഇതുപോലൊരു നിസ്സാര കാര്യം; എനിക്കം നിനക്കും എന്ത്(സൗട്ടർ വ്യാഖ്യാനം) (മോ ലീ ഉലേക്ക്) എനിക്കും നിനക്കും എന്ത് (സുറിയാനി വൈയാകരണനായ ജോർജ് ഫിലിപ്സ് എം. എ.), പ്രൊട്ടസ്റ്റന്റുകാർ കൊടുക്കുന്ന ഈ നിർഭാഗ്യാവസ്ഥ പൂർവ്വകാല വേദവിപരീതികൾപോലും കൊടുത്തിട്ടില്ലായെന്ന് ഓർക്കണം.

സ്ത്രീയേ എന്ന വിളിയിൽനിന്നും ധ്വനിക്കുന്നത് അനാവശ്യമായി തന്നോടിടപെട്ട നീരസം കൊണ്ടാണെന്നും അവർ പറയുന്നു. എന്നാൽ ക്രൂശിൽ തൂങ്ങിക്കിടക്കുന്ന അവസരത്തിലും സ്ത്രീയേ ! ഇതാ നിന്റെ മകൻ എന്നു പറയുന്നു. ഇതിൽനിന്നും ഒന്നുകിൽ, കാനാവിൽവച്ച് അമ്മയോടുണ്ടായ നീരസം മാറിയിട്ടില്ലെന്നു വരണം; അല്ലെങ്കിൽ അത് സ്ഥലഭാഷയ്ക്കനുസരണമായ ഒരു പ്രയോഗമാണെന്നുവരും. തന്നെ ക്രൂശിക്കുന്നവരോടപോലും ക്ഷമിക്കണമേ എന്നപേക്ഷിക്കുന്ന നമ്മുടെ കർത്താവിന് മരനാഴികയിൽപോലും തന്റെ അമ്മയോട് നീരസമായിരുന്നുവെന്നോ?

മഹാപണ്ഡിതനായ റവ. വില്യം ബർക്ലേ-ൽ പറയുന്നത് എത്രയും ശ്രദ്ധേയമാണ്. ഇംഗ്ലീഷിൽതന്നെ പകർത്തുന്നു:-

2. അവൻ അവരോട് എന്റെ അമ്മയും സഹോദരന്മാരും ആർ എന്നു പറഞ്ഞിട്ട് ചുറ്റിലും ഇരിക്കുന്നവരെ നോക്കിക്കൊണ്ട് ഇതാ എന്റെ അമ്മയും സഹോദരന്മാരും. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നെ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു. (മർക്കോ. 3:33-35) എല്ലാവരേയുംപോലെ ഒരാൾ എന്ന നിലയിലയപ്പുറമായി വി. മാതാവിനെ നമ്മുടെ കർത്താവ് ഗണിച്ചില്ലെന്നു കാണിപ്പാൻ, ഈ വാക്യം അവർ ഉദ്ധരിച്ചിരിക്കുന്നതും നമുക്ക് പരിശോധിക്കാം. എന്റെ അമ്മയും സഹോദരന്മാരും ഇതാ എന്ന് ഒരു ജനക്കൂട്ടത്തെ നോക്കി താൻ പറഞ്ഞുവെങ്കിൽ അവിടെ ഇരിക്കുന്നവരിൽ ദൈവത്തിന്റെ ഇഷ്ടം ചെയ്യാത്തവരുണ്ടെങ്കിൽ നമ്മുടെ കർത്താവിന്റെ ഈ വചനങ്ങൾ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടവയല്ല. ആരെല്ലാം ആന്തരാർത്ഥത്തിൽ തന്റെ മാതാവും സഹോദരന്മാരും ആയിത്തീർന്നാലും തന്റെ മാതാവിന്റെ മഹിമ നഷ്ടപ്പെടുന്നില്ല. കാരണം:-

എ) ഏതെല്ലാം അർത്ഥത്തിൽ വ്യാഖ്യാനിച്ചാലും തന്നെ പ്രസവിച്ചവൾ തന്റെ മാതാവാണ്. ബി) ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്ന ആളിന് തന്റെ മാതാവിന്റെ സ്ഥാനമുണ്ടെങ്കിൽ, ആ രീതിയിൽ വി. മാതാവിനെപ്പോലെ പ്രസ്തുത സ്ഥാനത്തിനർഹതയുള്ളവർ മറ്റാരുമില്ല. എന്തെന്നാൽ മനുഷ്യകുലരക്ഷയ്ക്കായുള്ള ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിച്ചതിൽ സുപ്രധാന പങ്കു വഹിച്ചത് വി. മാതാവല്ലാതെ മറ്റാരാണ്?

3) ഇതു പറയുമ്പോൾ പുരുഷാരത്തിൽനിന്നും ഒരു സ്ത്രീ ഉച്ചത്തിൽ അവനോട് നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ എന്നു പറഞ്ഞു. അതിന് അവൻ അല്ല: ദൈവത്തിന്റെ വചനം കേട്ട് പ്രമാണിക്കുന്നവരത്രേ ഭാഗ്യാവന്മാർ (ലൂക്കോ. 11:27-28) ഈ ഭാഷാന്തരം തെറ്റാണ്. സുറിയാനിയിൽ അല്ല എന്ന വാക്കു കാണുന്നേയില്ല. അത്രേ എന്നുള്ളവാക്കും ഇല്ല. പ്രോട്ടസ്റ്റന്റുകാർതന്നെ അച്ചടിച്ച സുവിശേഷങ്ങളിൽ സംസ്കൃതം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകളിലും, 1897-ലും 1904-ലും കോട്ടയം സി.എം.എസ്. പ്രസ്സിൽ അച്ചടിച്ച മലയാള വേദപുസ്തകത്തിലും അല്ല അത്രെ എന്നീ പദങ്ങൾ ഇല്ലെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. ആകയാൽ വി. മാതാവിന്റെ ഭാഗ്യാവസ്ഥ തുച്ഛീകരിപ്പാൻ വിരോധികൾ കൊണ്ടുവരുന്ന തെളിവുകളെല്ലാം നിരർത്ഥകങ്ങൾതന്നെ.

വിശുദ്ധയായ ദൈവമാതാവ്; തമ്പുരാനെ പെറ്റ അമ്മ വിശുദ്ധയാണെന്ന് വേദവിപരീതികൾപോലും സമ്മതിക്കുന്നു. കർത്താവിന്റെ പാത്രങ്ങൾ വഹിപ്പാൻ തക്കവണ്ണം നിങ്ങൾ ശുദ്ധിയുള്ളവരായിരിപ്പിൻ ഏശാ (52:11) എന്നു പറയുന്ന സ്ഥിതിക്ക് ദൈവപുത്രനെ വഹിച്ചവൾ എത്രമാത്രം വിശുദ്ധയാണ്. 4-ാം നൂറ്റാണ്ടിൽ ചില മതഭ്രാന്തന്മാർ, വിശുദ്ധമാതാവിനെ ദൈവതുല്യമായി കരുതി. വേദവിപരീതത്തിൽ വീണു. ഇവർക്കെതിരായി കുപ്രോസിലെ വി. എപ്പിഫാനിയോസ് ഇങ്ങനെ എഴുതി. അതി വിശുദ്ധ കന്യകയായ മാതാവിനെ...നാം സ്തുതിക്കണം. പിതാവിനെയും പുത്രനേയും വി. റൂഹായേയും നാം ആരാധിക്കണം. വി. എപ്പിഫാനിയോസ് മഹാ വലിയ ദൈവമാതാ ഭക്തനത്രെ. 4-ാം നൂറ്റാണ്ടിലുണ്ടായ വേദവിപരീതം മുളയിൽതന്നെ അറുക്കപ്പെട്ടു. എന്നാൽ 19-ാം നൂറ്റാണ്ടിൽ ഇതു മറ്റൊരു രീതിയിൽ ആവിർഭവിച്ചു. റോമ്മാസഭ ദൈവമാതാവ് അമലോത്ഭവയാണെന്ന് വിശ്വസിക്കുന്നു. എന്നാൽ 19-ാം നൂറ്റാണ്ടിലുണ്ടായ ഈ അമലലോത്ഭവവാദം തെറ്റാണെന്ന് വി. പിതാക്കന്മാരുടെയും റോമ്മാസഭയിലെ ചില അധികൃതരുടെയും പ്രസ്താവനകൾകൊണ്ടു കാണാം. 1854 ഡിസംബർ 8-ാം തീയതി (127 കൊല്ലം മുമ്പ്) വി. മാതാവിന്റെ അമലോത്ഭവം ജന്മപാപമില്ലാതെയുള്ള ജനനം-രക്ഷപെടണമെന്നാഗ്രഹിക്കുന്ന ഏവരും വിശ്വസിപ്പാൻ ചുമതലയുള്ള ഒരു വിശ്വാസ സിദ്ധാന്തമായി 9-ാം പീയൂസ് പാപ്പാ തീർപ്പുചെയ്തു. വി. സഭയുടെ വിശ്വാസത്തിൽനിന്നും ഇന്നുവരെ കൂട്ടിച്ചേർത്ത വിശ്വാസങ്ങളിൽ ഇതിപ്പോൾ അവസാനത്തേതാണ്.




റാസാ മണർകാട് കവലയിലുള്ള കുരിശിൻതൊട്ടിയിലെത്തിയപ്പോൾ


നേർച്ചകഞ്ഞി വിതരണം

## ദുഃഖ്റോനോ



മലങ്കരയുടെ പ്രകാശഗോപുരം
ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതിയൻ ബാവാ
സെപ്തംബർ 1
ശ്രേഷ്ഠബാവാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

St. Maryís Youth Association & Kolo Suriyoyo

വിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ



രാജു വാലയിൽ & ഫാമിലി
മണർകാട്

വിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ



കുര്യൻ ജോസഫ് & ഫാമിലി
പാടത്തറ, മണർകാട്

വിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ



ഏബ്രഹാം
അഭിനവ്, അഭിഷേക്
പോത്താനിക്കൽ, മണർകാട്

## അറിയിപ്പ്

കഴിഞ്ഞ അഞ്ച്വർഷക്കാലമായി യൂത്ത് അസോസിയേഷന്റെ മുഖപത്രമായ കോലോ സുറിയോയോ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നുമുള്ള പരസ്യങ്ങളിലൂടെയും സംഭാവനകളിലൂടെയുമാണ് പ്രസിദ്ധീകരിക്കുന്നത്. തികച്ചും സൗജന്യമായി വിതരണം ചെയ്യുന്ന കോലോ സുറിയോയോയുടെ പ്രവർത്തനങ്ങളിൽ ഏവരും സഹകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു. മാസികയിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന വാർത്തകളും ചിത്രങ്ങളും എല്ലാമാസവും 20-ാം തീയതിക്കു മുൻപായി യൂത്ത് അസോസിയേഷൻ ഓഫീസിലോ, യൂത്ത് അസോസിയേഷൻ ഭാരവാഹികളെയോ ഏൽപ്പിക്കേണ്ടതാണ്. ഇവയോടൊപ്പം ബന്ധപ്പെടുവാനുള്ള കൃത്യമായ ഫോൺ നമ്പറുകൾ കൂടി ഉൾപ്പെടുത്തേണ്ട താണ്. പ്രസിദ്ധീകരണയോഗ്യമായ വാർത്തകളും ചിത്രങ്ങളും സ്ഥല ലഭ്യതയനുസരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ സെക്രട്ടറി (അജു മാത്യു മുണ്ടാനിക്കൽ)- 9496464299, എഡിറ്റർ (സുരേഷ് ജോൺ കൈപ്പള്ളിൽ)-9446073942,
e-mail:
editor.kolosuryoyo@gmail.com

## മണർകാട് പള്ളിയുടെ ഫേസ് ബുക്ക് പ്രൊഫൈൽ

മണർകാട് പള്ളിയുടെ ഫേസ് ബുക്ക് പ്രൊഫൈലിൽ പള്ളിയോടനുബന്ധിച്ച് നടക്കുന്ന വിവിധ പ്രോഗ്രാമുകളുടെ ചിത്രങ്ങളും വീഡിയോകളും അനുബന്ധ വാർത്തകളും ലഭ്യമാണ്. ഫേസ് ബുക്കിൽ St Marys Cathedral, Manarcad എന്ന അഡ്രസിൽ പ്രൊഫൈൽ ലഭ്യമാണ്.

## കൃത്രിമക്കാലുകൾ വിതരണം ചെയ്യുന്നു

വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നടത്തിവരാറുള്ള ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് നിർദ്ധനരായ വികലാംഗർക്ക് കൃത്രിമക്കാലുകൾ വിതരണം ചെയ്യുന്നു.

അർഹരായവർ യൂത്ത് അസോസിയേഷൻ ഭാരവാഹികളുമായി ഒക്ടോബർ 30-ന് മുമ്പ് ബന്ധപ്പെടുക.

നമ്പരുകൾ: പ്രസിഡന്റ്: റവ. ഫാ. കുറിയാക്കോസ് കാലായിൽ 0481-2374411, വൈസ് പ്രസിഡന്റ്: അലൻ വർഗീസ് വാലയിൽ - 9496465940, സെക്രട്ടറി അജു മാത്യു മുണ്ടാനിക്കൽ - 96464299



പരിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
വാണിയപ്പുരയ്ക്കൽ കുടുംബം
മണർകാട്

വിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ഒരു വിശ്വാസി
കല്ലുങ്കത്തറ





പെരുന്നാളാശംസകൾ
VALAYIL AGENCIES
Manarcad
Ph: 0481-2370325

പെരുന്നാൾ ആശംസകൾ
വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ കെ. 231
ബ്രാഞ്ച്: നെടുംകുഴി

## 40 –ാം ചരമദിനം
17.09.2011



മാത്യു വർഗീസ് (കുഞ്ഞൂഞ്ഞ്)
വാലയിൽ, മണർകാട്
സന്തപ്ത കുടുംബാംഗങ്ങൾ

# പ്രകാശം ധരിച്ചവളും നിത്യകന്യകയും ഭാഗ്യവതിയുമായ മറിയാം



**റവ. ഫാ. കുറിയാക്കോസ് കാലായിൽ**
(പ്രസിഡന്റ്, യൂത്ത് അസോസിയേഷൻ)

രാജകീയവംശമായ യഹൂദായുടെ കുലത്തിൽ യുനാഖീർ-ഹന്നാ ദമ്പതികൾക്ക് പ്രാർത്ഥനഫലമായി ദൈവം നൽകിയ ദാനമാണ് മറിയാം. മിരിയാം എന്ന എബ്രായ ശബ്ദത്തിന്റെ അറമായ്ക്കു രൂപമാകുന്നു പ്രകാശം എന്നർത്ഥമുള്ള മറിയാം എന്ന പദം. യിസ്രയേൽ വംശത്തിൽ ഉന്നതകുലജാതർ ഏറെ പ്രാധാന്യം കല്പിച്ചിരുന്ന മറിയാം എന്ന പേര് ദൈവകുമാരന്റെ അമ്മക്ക് ലഭിച്ചതിൽ അത്ഭുതപ്പെടേണ്ടതില്ല. 113-ാം സങ്കീർത്തനം പ്രകാശത്തിന്റെ സ്രഷ്ടാവായി ദൈവത്തേ വർണ്ണിക്കുമ്പോൾ, നിഖ്യാസുന്നഹദോസ് രൂപപ്പെടുത്തിയ വിശ്വാസപ്രമാണത്തിൽ പ്രകാശത്തിൽ നിന്നുള്ള പ്രകാശമായി യേശുക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് യേശുക്രിസ്തു പ്രസ്താവിക്കുമ്പോൾ അവൻ നീതിസൂര്യനായ ദൈവത്തിന്റെ പുത്രനും പ്രകാശം ധരിച്ചവളായ കന്യാമറിയത്തിൽ നിന്നും ജഡം ധരിച്ച ലോകരക്ഷകനുമത്രെ. സൂര്യൻ ഉദിക്കുമ്പോൾ ഇരുൾ നീങ്ങി ലോകം പ്രകാശിതമാകുന്നതുപോലെ പാപാന്ധകാരത്തിൽ കഴിയുന്ന മനുഷ്യൻ, ക്രിസ്തുവാകുന്ന വെളിച്ചം അവനിൽ വരുമ്പോൾ പ്രകാശപൂരിതനാകുന്നു. എഫെസ്യർ 5 ന്റെ 14 ൽ ഉറങ്ങുന്നവനേ ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേൽക്ക എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും എന്നത്രെ വിശുദ്ധ പൗലൂസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്. 34-ാം സങ്കീർത്തനം 5-ാം വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നത് “അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചു പോയുതുമില്ലാ എന്നാണ്. നാം പ്രകാശിതരാകാൻ ക്രിസ്തുവാകുന്ന വെളിച്ചത്തെ ലോകത്തിന് വെളിപ്പെടുത്തിയ ദീപതണ്ടത്രെ പ്രകാശം ധരിച്ചവളായ വിശുദ്ധ മറിയാം.

രക്ഷിതാവായ ക്രിസ്തുവിനു ലോകത്തിൽ ജഡം ധരിക്കുവാൻ ദൈവം തിരഞ്ഞെടുത്തവൻ കൊട്ടാരമാണ് മറിയാം. വി. ലൂക്കോസ് 1 ന്റെ 48 ൽ മറിയാം പരിശുദ്ധാത്മാ നിറവിൽ ഇപ്രകാരം പറയുന്നു. “ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.” തിരുവചനത്തിൽ 128-ാം സങ്കീർത്തനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. “യഹോവയെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കുന്നവൻ ഭാഗ്യവാൻ. പരിശുദ്ധ മറിയാം ദൈവഹിതത്തിന് സ്വയം സമർപ്പിച്ചതിനാലാണ് ലോകരക്ഷകന്റെ അമ്മ എന്ന അദ്യുദീയമായ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്.'' യുനാഖീർ-ഹന്നാ ദമ്പതികൾ ദൈവസന്നിധിയിൽ നേർന്ന പ്രകാരം ബാല്യത്തിൽതന്നെ മറിയാം ദേവാലയത്തിൽ സമർപ്പിക്കപ്പെട്ടു. സെഖര്യാ പുരോഹിതന്റെയും തന്റെ ചാർച്ചക്കാരിയായ ഏലിശബ്ബായുടേയും ശിക്ഷണത്തിൽ വളർന്ന മറിയം തികഞ്ഞ ദൈവഭക്തയായിരുന്നു. അവൾ ദേവാലയശുശ്രൂഷയിൽ നിരന്തരം സംബന്ധിച്ചു. പ്രാർത്ഥനാശീലവും, വിനയം, വിശുദ്ധി, ആർദ്രത, സ്നേഹം, വിശ്വാസം തുടങ്ങിയ സൽഗുണങ്ങൾ അവളിൽ വിളങ്ങി നിന്നു. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ് ''ഗബ്രിയേൽ ദൂതന്റെ വാക്കുകൾ കേട്ടപ്പോൾ തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുവാൻ വിശുദ്ധ മറിയത്തെ പ്രാപ്തയാക്കിയത്. തന്മൂലം മറിയാം ഭാഗ്യവതി എന്ന് തലമുറകൾ വാഴ്ത്തുന്നു.”

ഒരിക്കൽ ലോകോൽപത്തിയും ഗതകാല സംഭവങ്ങളും സംബന്ധിച്ച ഗവേഷണങ്ങൾ നടന്നുവരുമ്പോൾ ഗവേഷകസംഘത്തിന്റെ മുമ്പിൽ ഒരു ചോദ്യം ഉയർന്നു. യേശുക്രിസ്തുവിന്റെ ജനനം കന്യകയുടെ ഗർഭധാരണത്തിലൂടെയാണ് നടന്നത് ഇത് എങ്ങനെ സംഭവിച്ചു. ആ ഗവേഷകസംഘത്തിലെ അംഗവും ഇൻഡ്യയുടെ പ്രഥമ പൗരനുമായി പ്രസിഡന്റ് സ്ഥാനം അലങ്കരിച്ച ഡോ. എസ്. രാധാകൃഷ്ണൻ ഇപ്രകാരം പറഞ്ഞു: “ജനിച്ചത് ദൈവമെങ്കിൽ പ്രസവിച്ചത് കന്യക തന്നെ.'' അതെ മറിയാം നിത്യകന്യകയും ഭാഗ്യവതിയുമെന്ന് വിശുദ്ധകുർബ്ബാന മദ്ധ്യേ തുബ്ദേ നിൽ വി. മറിയാമ്മിനേ പ്രകീർത്തിക്കുവാൻ വിശുദ്ധ പിതാക്കന്മാർ നമ്മെ ഭരമേൽപ്പിച്ചത് അവർ ആത്മനിറവിൽ തിരിച്ചറിഞ്ഞ സത്യമത്രെ.

ഒരിക്കലും ദൈവത്തിനായി സമർപ്പിക്കപ്പെട്ട ഒരു ഉദരം, മനുഷ്യന് ജഡധാരണത്തിനായി തുറക്കപ്പെടുകയില്ല. വിശുദ്ധ ഔസേപ്പിന് 80 വയസ്സുള്ളപ്പോഴാണ് കന്യക മറിയാമുമായി വിവാഹം നിശ്ചയിക്കപ്പെട്ടത്. 6 മക്കളുടെ പിതാവായ യൗസേഫ് ദൈവനിയോഗപ്രകാരം അവളെ കറപുരളാതെ സംരക്ഷിച്ചു. അവൾക്കു സംരക്ഷണം നൽകുവാൻ ക്രൂശിൻ ചുവട്ടിൽ വച്ച് യോഹന്നാൻ ശ്ലീഹായെ പുത്രനായ ക്രിസ്തു ഭരമേല്പിച്ചതും മറിയാം ക്രിസ്തുവിന്റെ അമ്മ മാത്രമായതിനാലാണ് എന്ന് സഭാപിതാവായ എപ്പിപ്പാനിയോസ് രേഖപ്പെടുത്തിയിരിക്കുന്നു.

ഏശായ 7 ന്റെ 14 ലെ അൽമാ എന്ന പദം മറിയാം കന്യക മാത്രമല്ല മറക്കപ്പെട്ടത് അഥവാ ഏറ്റവും ശ്രദ്ധയോടെ സംരക്ഷിക്കപ്പെട്ട കന്യക എന്നും അർത്ഥമുള്ള പദമത്രെ എന്ന് വിശുദ്ധ ജറോം പറയുന്നു. മറിയാം ഒരു സാധാരണ കന്യക മാത്രമായിരുന്നില്ല പ്രത്യുത ആത്മാവിലും ശരീരത്തിലും അവൾ കന്യകയായിരുന്നുവെന്നും ജറോം സാക്ഷിക്കുന്നു.

മറിയാമ്മിന്റെ, ഗബ്രിയേൽ മാലാഖയോടുള്ള വാക്കുകൾ ശ്രദ്ധേയമാണ്. (വി. ലൂക്കോസ് 1:34) ആ സന്ദേശം ലഭിച്ച സന്ദർഭത്തിൽ തന്റെ കന്യാവ്രതം മറിയാം ഔദ്യോഗികമായി സ്വീകരിച്ചതിനേ സൂചിപ്പിക്കുന്നുവെന്ന് നിസായിലെ ഗ്രീഗറിയും, വിശുദ്ധ അഗസ്റ്റിനും അഭിപ്രായപ്പെടുന്നു. വിശുദ്ധ യൗസേഫ് അവളുമായി ചെയ്തിരുന്ന ഉടമ്പടി പാലിക്കുകയും വ്രതവാഗ്ദാനത്തെ സംരക്ഷിക്കുകയും ചെയ്തുവെന്നും വിശുദ്ധ അഗസ്തീനോസ് പറയുന്നു.

പരിശുദ്ധയും ഭാഗ്യവതിയുമായ കന്യകമറിയാമിന്റെ ജനനപ്പെരുന്നാൾ മണർകാട് പള്ളിയിൽ പ്രാരംഭകാലം മുതൽ ആചരിച്ചു വരുന്നു. പള്ളി സ്ഥാപനത്തിനായി വ്രതാനുഷ്ഠാനങ്ങളോടെ കാത്തിരുന്ന് പ്രാർത്ഥിച്ച പൂർവ്വീത പിതാക്കന്മാർക്ക് എട്ടാം ദിവസം ലഭിച്ച ദർശനത്തിന്റെ സാക്ഷാത്കാരമാണ് ദൈവജനനിയുടെ നാമത്തിൽ മണർകാടിന്റെ മണ്ണിൽ തല ഉയർത്തി നിൽക്കുന്ന വിശുദ്ധ ദേവാലയം. 11-ാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ സ്ഥാപിതമായി എന്നും ഈ ദേവാലയത്തിൽ അക്കാലം മുതൽ എട്ടുനോമ്പാചരണവും അഭംഗുരം തുടർന്നുപോരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. വ്രതശുദ്ധിയോടും ഉപവാസത്തോടും നോമ്പാചരിക്കുന്ന ജനലക്ഷങ്ങൾ മണർകാട്ടു പള്ളിയിൽ എട്ടുനോമ്പും കാലയളവിൽ ഒത്തുചേരുമ്പോൾ അവർ ഈ പുണ്യഭൂമിയിൽ പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യം രുചിച്ചറിയുന്നു.

11-ാം നൂറ്റാണ്ടിൽ സ്ഥാപിതമായി എന്ന് വിശ്വസിക്കപ്പെടുന്ന പ്രഥമ ദേവാലയത്തിന്റെ സ്ഥാനത്ത് ഇന്ന് കാണുന്ന ദേവാലയം 7 പതിറ്റാണ്ടുകൾക്ക് മുമ്പ് നിർമ്മിക്കപ്പെട്ടതാണ്.

പൈശാചിക പീഡയിൽ നിന്നും മുക്തി നേടിയവരും, ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾ ബാധിച്ച് സൗഖ്യം പ്രാപിച്ചു മടങ്ങുന്നവരും, ഹൃദയവാൽവിന്റെ തകരാറുകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടവരുമായ അനേകായിരങ്ങൾ സാക്ഷ്യം നൽകാറുണ്ട്. വിവാഹം ജീവിതത്തിൽ ദീർഘനാൾ കാത്തിരുന്നു. സന്താന ഭാഗ്യം ലഭിച്ചവർ പതിനായിരങ്ങളാണ്. 28 വർഷത്തിനു ശേഷം മക്കളെ ലഭിച്ചവരും അതിൽപ്പെടും. പരിശുദ്ധ അമ്മയുടെ അനുഗ്രഹം നിറഞ്ഞു നിൽക്കുന്ന ഈ ദേവാലയത്തിൽ നിന്നും ഒഴുകുന്ന കൃപയുടെ നീർച്ചാലുകൾ ഇനിയും ജനലക്ഷങ്ങൾക്ക് അനുഗ്രഹവും ശാന്തിയും സമാധാനവും നൽകട്ടെ.

നോമ്പാചരണം എന്ന ദിവ്യാനുഭവത്തിലൂടെ പരിശുദ്ധ അമ്മയുടെ ആറ് ഗുണങ്ങൾ നമ്മുടെ ജീവിത്തിലും പകർത്തുവാൻ കഴിയുമ്പോൾ ആണ് അനുഗ്രഹങ്ങളാകുന്ന വരദാനങ്ങൾ നമുക്ക് സ്വായത്തമാക്കുവാൻ കഴിയുന്നത്. ജാതിമത വ്യത്യാസം കൂടാതെ ജനലക്ഷങ്ങൾ ഈ നോമ്പാചരണത്തിലൂടെ ജീവിതശൈലിയിൽ മാറ്റം വരുത്തുന്നു എന്നത് ശ്രദ്ധേയമാണ്. നോമ്പാചരണം മനുഷ്യനെ വിനീതനും കരുണാപൂർണ്ണനുമാക്കുന്നു. മാനസികമായും ശാരീരികമായും മനുഷ്യൻ ശക്തീകരിക്കപ്പെടുന്നു. അപരനെ സ്നേഹിക്കുവാൻ പരിശീലിക്കുന്നു. ക്ഷമാശീലനും, സന്തോഷവാനുമായി മനുഷ്യൻ മാറുന്നു. ജഡത്തിന്റെ ആസക്തികളെ നിയന്ത്രിച്ച് ഏകാഗ്രതയോടെ ദൈവത്തെ സ്തുതിക്കുവാനും മനുഷ്യനും ദൈവവുമായുള്ള ബന്ധം പുനസ്ഥാപിക്കുവാനും നോമ്പാചരണത്തിലൂടെ നമുക്ക് സാധിക്കുന്നു. ആത്മവിനെ ശുദ്ധീകരിക്കാനും ആത്മപരിധോന നടത്തുവാനുമുള്ള മാർഗ്ഗമായി നോമ്പാചരണവും പെരുന്നാളുകളും മാറുമ്പോഴാണ് അത് മനുഷ്യന് ആത്മസംതൃപ്തി നൽകുന്നത്. നാം വ്യക്തിജീവിതത്തിലേക്കും ഉത്തരവാദിത്വങ്ങളിലേക്കും തിരിഞ്ഞു നോക്കി പിഴവുകൾ തിരുക്കുക. പുതുക്കം പ്രാപിച്ചവരായി നാം മാറുക. പരിശുദ്ധ അമ്മയുടെ ജനപ്പെരുന്നാൾ നമ്മിൽ പ്രകാശം പരത്തുന്നതും നിർമ്മലീകരിക്കുന്നതും അഹങ്കാരം വെടിഞ്ഞ് വിനീതരാകുന്നതും പ്രാർത്ഥനാനിരതാരാകുന്നതുമായി തീരണം. ഈ വർഷത്തേ നോമ്പാചരണവും പെരുന്നാളും അനേകായിരങ്ങൾക്കു ശാന്തിയും ദൈവത്തിന്റെ കൃപാവരങ്ങളും പ്രധാനം ചെയ്യുന്നതായി തീരട്ടെ എന്നു പ്രാർത്ഥിക്കുന്ന.

ആശ്രിതഗ്രന്ഥങ്ങൾ: ഇതാനിന്റെ അമ്മ-ഡോ. ജോസഫ് കോട്ടയ്ക്കൽ 2) ദൈവികാനുഗ്രഹത്തിനുള്ള കൃപാവരങ്ങൾ : പോളിക്കാർപ്പസ് ഗീവറുഗീസ് മെത്രാപ്പോലീത്ത.



പെരുന്നാളിന് തുടക്കം കുറിച്ചുകൊണ്ട് കൊടിമരം ഉയർത്തുന്നു

*Best Compliments*



POPULAR FINANCE

Manarcad Jn.,
Ph: 0481-2372362, 9447182652

GOLD LOAN / WESTERN UNION /
X PRESS MONEY TRANSACTIONS

# യൂത്ത് അസോസിയേഷൻ മണർകാട് കത്തീഡ്രലിൽ

**അജു മാത്യു മുണ്ടാനിക്കൽ** (യൂത്ത് അസോ. സെക്രട്ടറി)



ആരാധന, പഠനം, സേവനം, വിശ്വാസ സംരക്ഷണം, സുവിശേഷ ഘോഷണം എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ വേണ്ടി യുവജനങ്ങൾക്കായ് സഭ രൂപം കൊടുത്തതാണ് യുവജന പ്രസ്ഥാനം. മലങ്കര സഭ ഒന്നായിരുന്ന കാലത്ത് 1968 കാലയളവിൽ നമ്മുടെ പള്ളിയിൽ യൂത്ത് ലീഗ് എന്ന നാമത്തിൽ യുവജനപ്രസ്ഥാനം നിലവിൽവന്നു. സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കുക, ദൈവീക കാര്യങ്ങളെ പ്രത്യേകിച്ചു ബൈബിൾ സംബന്ധമായും സഭാപരമായുമുള്ള പഠനം, യേശുവിന്റെ സ്നേഹത്തിൽ പാവങ്ങളെയും അശരണരേയും ആലംബഹീനരേയും സ്നേഹിക്കുകയും, അർഹിക്കുന്ന സഹായം നൽകി അവരെ സേവിക്കുകയും ചെയ്യുക. ഇവയെല്ലാം ഉൾക്കൊണ്ട് അന്നത്തെ യുവജന പ്രസ്ഥാനാംഗങ്ങൾ നമ്മുടെ പള്ളി യിൽ എല്ലാ ശനിയാഴ്ചയും വൈകുന്നേരം കൂടി വന്നിരുന്നു. ബഹു വൈദീകർ പ്രസ്തുത യോഗങ്ങളി ൽ സംബന്ധിച്ചു വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തന്നിരുന്നു. ആരാധനയുടെ മഹത്വവും, വേദകാര്യങ്ങളുടെ പഠനവും സേവന തൽപ്പരതയുടെ മാനവും അന്നു ലഭിച്ചിരുന്നു. മണർകാട് പള്ളിയിലെ യുവജനപ്രസ്ഥാനം മലങ്കരയിലെ ഏറ്റവും നല്ല യൂണിറ്റുകളിൽ ഒന്നായിരുന്നു. അതിന്റെ ഫലമായി 1970-ൽ അഖില മലങ്കരാടിസ്ഥാനത്തിൽ നമ്മുടെ പള്ളിയിൽ നടത്തിയ യുവജന ക്യാമ്പ് അന്നത്തെ സഭാ അധികൃതരുടെയും പൊതുജ നങ്ങളുടെയും പ്രശംസയ്ക്കു പാത്രമായി. 1971-ൽ മണർകാട് ഗ്രൂപ്പിന്റെ നേതൃ ത്വത്തിൽ നമ്മുടെ പള്ളിയിൽ ആദ്യമായി നടത്തിയ വി. ബി. എസ്. ഏറ്റവും വിജയപ്രദമായി. അതിനെ തുടർന്നാണ് ഇന്നു നമ്മുടെ പള്ളിയിൽ സുസം ഘടിതമായി നടത്തപ്പെടുന്ന വി. ബി. എസ്-ന്റെ തുടക്കം. അന്ന ത്തെ യുവജന പ്രസ്ഥാനത്തി ന്റെ നേതൃത്വത്തിൽ 20 പേരു മായി തുടങ്ങിയ വോളന്റീയർ കോർ ആയിരുന്നു. ഇന്നു നമ്മു ടെ പള്ളിയിലെ എട്ടു നോമ്പു പെരുന്നാളിന്റെ നൂറി ന്മേൽ അംഗസംഖ്യയുമായി പ്രശസ്ത സേവനം നടത്തുന്ന വാളന്റിയേഴ്സിന്റെ ആദ്യരൂപം. കൂടാതെ പരിശീലനം സിദ്ധിച്ച ഗായക സംഘത്തിന്റെ തുടക്കവും അന്നത്തെ അംഗങ്ങളിൽക്കൂടി ആയിരുന്നു. അന്നത്തെ യുവജന പ്രസ്ഥാനത്തിലെ പല അംഗങ്ങളും ഇന്നു സഭയെനയിക്കുന്ന വൈദീകരായും രാഷ്ട്രീയ നേതാക്കന്മാരായും പൊതു പ്രവർത്തകരായും സേവനം അനുഷ്ഠിച്ചു വരുന്നു. 1974-ൽ മലങ്കരസഭയിൽ ഭിന്നത രൂപം കൊണ്ടു സഭ രണ്ടായി പിരിഞ്ഞപ്പോൾ അന്ത്യോഖ്യാ സിംഹാസ നത്തിൻ കീഴിൽ യൂത്ത് ലീഗ് യൂത്ത് അസ്സോസിയേഷനായി രൂപാന്തരപ്പെട്ടു. അഭി. തോമസ് മോർ ദീവന്ന്യാസോസ് (ഇന്നത്തെ ശ്രേഷ്ഠകാതോലിക്കാബാവാ ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ) തിരുമേനിയു ടെ കിടയറ്റ നേതൃത്വത്തിൽ കീഴി ൽ യൂത്ത് അസ്സോസിയേഷൻ അതിന്റെ പ്രതാപം ഒട്ടും ചോർന്നു പോകാതെ സുസംഘടിതമായി സഭയിൽ, പ്രത്യേകിച്ചു മണർകാട് പള്ളിയിൽ അതിന്റെ സ്ഥാനം നിലനിർത്തി. വി.കുർബ്ബാനാനന്തരം യൂത്ത് അസ്സോസേഷൻ ഓഫീസിൽ എല്ലാ ഞായറാ ഴ്ചയും യോഗം ചേർന്നു പ്രാർ ത്ഥന, വേദപഠനം, പ്രസംഗം, പാട്ടു തുടങ്ങിയവ നടത്തിപ്പോന്നിരുന്നു. 1974-ൽ നമ്മുടെ പള്ളിയിൽ അഖില മലങ്കര അടിസ്ഥാന ത്തിൽ യൂത്ത് അസ്സോസിയേഷന്റെ 3 ദിവസം നടത്തിയ ക്യാമ്പ് വളരെയേറെ വിജയപ്രദമായിരുന്നു. യൂത്ത് അസ്സോസിയേഷന്റെ നേതൃത്വത്തിൽ നമ്മുടെ പള്ളിയിൽ എല്ലാ സംഘടനകളുടെയും സഹകരണത്തിൽ നടത്തപ്പെടുന്ന സംയുക്ത ക്രിസ്തുമസ്സ് ആഘോഷം ഇടവകയിലെ ഏറ്റവും പ്രധാനപ്പെട്ട ആഘോഷ പരിപാടിയായി ഇന്നും വിജയകരമായി നടത്തിപ്പോരുന്നു. ഇതു കൂടാതെ എട്ടുനോമ്പുപെരുന്നാളിനോടനുബന്ധിച്ചു നടത്തപ്പെടുന്ന ഇൻഫർമേഷൻ കൗണ്ടർ ഇന്നും തുടർന്നു പോരുന്നു. എട്ടു നോമ്പിന് വരുന്ന ഭക്തജന ങ്ങളുടെ അഭിപ്രായങ്ങളും സാക്ഷ്യങ്ങളും, പരാതികളും രേഖപ്പെടുത്തുന്ന ഡയറി യൂത്ത് അസ്സോസിയേഷന്റെ പ്രവർ ന പരിപാടി ആയിരുന്നു. ഏകദിന ക്യാമ്പുകളും സിംപോസിയങ്ങളും ധ്യാനയോഗങ്ങളും നടത്തിയിരുന്നു. പിന്നീട് 1994-ൽ ഈ പള്ളിയിൽ നടത്തപ്പെട്ട അഖില മലങ്കര യൂത്ത് അസ്സോസിയേഷന്റെ വാർഷീക ക്യാമ്പ് ഏറ്റവും വിജയപ്രദവും സഭാ പിതാക്കന്മാരുടെയും നേതൃത്വത്തിന്റെയും പ്രശംസയ്ക്കു പാത്രമാവുകയും ചെയ്തു. 2005-ൽ അഖില മലങ്കര അടിസ്ഥാനത്തിൽ വീണ്ടും ഒരു ക്യാമ്പുകൂടി സംഘടിപ്പിക്കപ്പെട്ടു. ശ്രേഷ്ഠ കാതോലിക്കാ ബാവാ ഉൾപ്പെടെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതമായ ക്യാമ്പായിരുന്നു 2005-ലേത്. പ്രതിനിധികളുടെ അംഗസംഖ്യയിലും സംഘടനാ മികവിലും ഏറ്റവും ശ്രദ്ധയാകർഷിച്ചു. 2008-ൽ യൂത്ത് അസോസിയേഷന്റെ മുഖപത്രമായി കോലോസുറിയോയോ പ്രസിദ്ധീകരിക്കുവാൻ ആരംഭിച്ചു. 1968-ൽ കയ്യെഴുത്തുമാസിക പ്രസിദ്ധീകരിച്ച മുൻപ്രവർത്തകരെ ആദരവോടെ സ്മരിക്കുന്നു.

1968 മുതൽ 73 വരെ ഈ പ്രസ്ഥാനത്തെ (യൂത്ത്ലീഗ്) നയിച്ചവരെയും അതിന്ശേഷം ഈ മഹൽ പ്രസ്ഥാനത്തെ (യൂത്ത് അസ്സോസിയേഷൻ നയിച്ചവരെയും, ഇന്നും നയിച്ചുകൊണ്ടിരിയ്ക്കുന്നവരെയും സ്നേഹ പൂർവ്വം ഓർക്കുകയും അവരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുകയും അവരുടെ പ്രയത്നങ്ങൾക്ക് ദൈവം സമൃദ്ധിയായി അനുഗ്രഹം പകരട്ടെ എന്നു ആശംസിക്കുകയും ചെയ്തു കൊണ്ട്. ഈ പ്രസ്ഥാനം ആരുടെ പേരിൽ നിലനില്ക്കു ന്നുവോ ആ പരിശുദ്ധ അമ്മയു ടെ പ്രാർത്ഥന നമുക്കു കോട്ടയാ കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ട് ഈ ഇടവകയിലെ യുവജന പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

## പാണംപടി തീർത്ഥയാത്ര

കോട്ടയം ഭദ്രാസന യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പാണംപടി തീർത്ഥയാത്രയിൽ വി. മർത്തമറിയം യൂത്ത് അസോസിയേഷനിലെ അംഗങ്ങൾ പങ്കെടുത്തു. തീർത്ഥയാത്രയിൽ മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷൻ ഒരു രഥവും ക്രമീകരിച്ചിരുന്നു.

## പെരുമ്പള്ളി തീർത്ഥയാത്ര

കോട്ടയം ഭദ്രാസന യൂത്ത് അസോസിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ പെരുമ്പള്ളി തീർത്ഥയാത്രയിൽ ഈ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

## മഞ്ഞനിക്കര തീർത്ഥയാത്ര

മണർകാട് കേന്ദ്രമാക്കിയുള്ള കിഴക്കൻ മേഖലാ മഞ്ഞനിക്കര തീർത്ഥയാത്രയ്ക്ക് മണർകാട് പള്ളിയിൽ നൽകിയ സ്വീകരണത്തിലും തുടർന്ന് തീർത്ഥാടകർക്കുള്ള ഭക്ഷണവിതരണത്തിലും മണർകാട് പള്ളി ഇടവകാംഗങ്ങൾക്കൊപ്പം യൂത്ത് അസോസിയേഷൻ അംഗങ്ങളും പങ്കെടുത്തു. തുടർന്ന് പുനരാരംഭിച്ച കാൽനട തീർത്ഥയാത്രയിൽ യൂത്ത് അസോസിയേഷൻ അംഗങ്ങൾ പങ്കെടുത്തു.

## ഫസ്റ്റ് എയ്ഡ് യൂണിറ്റ്

മഞ്ഞനിക്കര തീർത്ഥയാത്രയോടനുബന്ധിച്ച് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഒരു പ്രഥമശുശ്രൂഷാ വിഭാഗം വാഹനത്തിൽ മണർകാട് മുതൽ മഞ്ഞനിക്കര വരെ തീർത്ഥാടകരെ അനുഗമിച്ചു.

## മഞ്ഞനിക്കര തീർത്ഥാടകർക്ക് കഞ്ഞി വിതരണം

മഞ്ഞിനിക്കര തീർത്ഥാടനത്തിനു ശേഷം മലങ്കരയുടെ വിവിധ ഭാഗങ്ങളിലെ ദേവാലയങ്ങളിൽ നിന്നും വി. മർത്തമറിയം കത്തീഡ്രലിൽ എത്തിച്ചേർന്ന് ആയിരക്കണക്കിന് ഭക്തജനങ്ങൾക്ക് മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സൗജന്യമായി കഞ്ഞിവിതരണം ചെയ്തു.

## അഖില മലങ്കര സുറിയാനി സംഗീത മത്സരം

മലങ്കര സുറിയാനി സഭയുടെ വാനമ്പാടിയും മല്പാനുമായിരുന്ന ബഹു. കോട്ടയിൽ ചെറിയാൻ അച്ചന്റ സ്മരണാർത്ഥം അഖിലമലങ്കര അടിസ്ഥാനത്തിൽ സുറിയാനി സംഗീത മത്സരം മണർകാട് കത്തീഡ്രലിൽവെച്ച് നടത്തപ്പെട്ടു.

## പരീക്ഷാ ഒരുക്കധ്യാനം

യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി പരീക്ഷാ ഒരുക്കധ്യാനം നടത്തി.

## ആനീദേ ഞായർ

ആനിദേ ഞായറാഴ്ച ആരാധനയിൽ സംബന്ധിച്ച വിശ്വാസികൾക്ക് യൂത്ത് അസോസിയേഷൻ സംഭാരം വിതരണം ചെയ്തു.

## സൗമോ ദ്ശൈനോ

വലിയനോമ്പിനോടനുബന്ധിച്ച് പള്ളിയുടെ വിവിധകരകൾകേന്ദ്രീകരിച്ച് പ്രാർത്ഥനായോഗങ്ങൾ നടത്തി.

## ഈസ്റ്റർ മുട്ട വിതരണം

യൂത്ത് അസോസിഷൻ ഈസ്റ്റർ ദിനത്തിൽ ഈസ്റ്റർ ദിനത്തിലെത്തിയ ആളുകൾക്ക് ഈസ്റ്റർമുട്ട വിതരണം ചെയ്തു.

## ജെ.എസ്.വി.ബി.എസ്. – 2011

ജെ.എസ്.വി.ബി. – 2011 വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി വിവിധ പ്രവർത്തനങ്ങൾ നടത്തി. ജെ.എസ്. വി. ബി. എസിലെ എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സൗജന്യമായി യൂത്ത് അസോസിയേഷൻ പേന വിതരണം ചെയ്തു. വിവിധ വിഭാഗങ്ങളിൽ വിദ്യാർത്ഥികൾക്കായി എല്ലാദിവസവും വേദവിജ്ഞാന മത്സരം ക്രമീകരിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. സമാപന റാലിയിൽ പങ്കെടുത്ത എല്ലാവർക്കും ശീതളപാനീയം നൽകി. യൂത്ത് അസോസിയേശന്റെ അംഗങ്ങളായ സണ്ടേസ്കൂൾ അധ്യാപകർ വി. ബി. എസിന് വിവിധ ക്ലാസുകളിൽ അദ്ധ്യാപകരായും സേവനമനുഷ്ഠിച്ചിരുന്നു.

## വിദ്യാരംഭധ്യാനം

യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി വിദ്യാരംഭധ്യാനം നടത്തി.

## ലോകപരിസ്ഥിതിദിനം

ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിക്കുകയും വൃക്ഷതൈകൾ വച്ചുപിടിപ്പിച്ചു. ഭൂമിക്കൊരുകുട പദ്ധതിയിൽ അണിചേർന്നു.







# പെരുന്നാളാശംസകൾ






സെപ്റ്റംബർ 14-ന് സ്ഥാനാരോഹണ വാർഷികം ആഘോഷിക്കുന്ന ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായ്ക്ക് പ്രാർത്ഥനാപൂർവ്വമായ മംഗളാശംസകൾ

**സെന്റ് മേരീസ് യൂത്ത് അസോസിയേഷൻ**
**& കോലോ സുറിയോയോ**

## ദുഃഖ്റോനോ



അഭി. ഏബ്രഹാം മോർ ക്ലീമീസ്
സെപ്തംബർ 30

